# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 110** **20/03/2012 ൽ മറുപടിക്ക്**

## സ്നേഹസ്പർശം പദ്ധതി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ:<br>" ഷാഫി പറമ്പിൽ :<br>" അൻവർ സാദത്ത്: | | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | 'സ്നേഹ സ്പർശം പദ്ധതി' യുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | എ) | വിദ്യാർത്ഥികളുടെ പഠന ധാർമിക നിലവാരം ഉയർത്താൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഒരു വിദ്യാലയത്തിന്റെ യഥാർത്ഥ സ്പന്ദനം മനസ്സിലാക്കാൻ രക്ഷകർത്താക്കൾക്കു കഴിയും. |
| ബി) | ഈ പദ്ധതിയുടെ പ്രവർത്തന രീതി എങ്ങനെയാണ്; | ബി) | ഓരോ മാസവും പ്രത്യേക വിഷയങ്ങളെ ആസ്പദമാക്കിയുള്ള കത്തുകൾ മന്ത്രി അദ്ധ്യാപക- രക്ഷകതൃ സമിതി പ്രസിഡന്റ്മാർക്ക് അയയ്ക്കും. ഇതിനു മറുപടി പി.ടി.എ. ഭാരവാഹികൾക്കും രക്ഷകർത്താക്കൾക്കും എഴുതാവുന്നതാണ്. സാമൂഹികവും വ്യക്തിപരവുമായ കാര്യങ്ങൾ മറുപടിയിൽ പരാമർശിക്കാം. മറുപടി മലയാളത്തിൽ കൈകൊണ്ട് എഴുതണം. മലയാള ഭാഷയുടെ എഴുത്തുപയോഗം വർദ്ധിപ്പിക്കാനും ഇത് ലക്ഷ്യമിടുന്നു. മറുപടി പരിശോധിക്കാനും അയയ്ക്കാനും വിദ്യാഭ്യാസ മന്ത്രിയുടെ ആഫീസിൽ പ്രത്യേക ഡസ്ക് പ്രവർത്തിക്കും. ഫോൺ മുഖാന്തിരമോ മെയിൽ മുഖാന്തിരമോ മറുപടി ലഭിക്കില്ല. |
| സി) | പ്രസ്തുത പദ്ധതിയിൽ ജനകീയ പങ്കാളിത്തവും പൊതുജനങ്ങൾക്കുള്ള വിദ്യാഭ്യാസ സമീപനവും അറിയുവാൻ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്? | സി) | വിദ്യാഭ്യാസ മന്ത്രിക്കു ലഭിക്കുന്ന കത്തുകൾക്കുള്ള മറുപടി www.education.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും സ്നേഹസ്പർശം എന്ന ലിങ്കുവഴി ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്തു പി.ടി.എ. പ്രസിഡന്റുമാർക്കു നൽകാൻ |

(......2)

വിദ്യാഭ്യാസ വകുപ്പ് ഹെഡ്മാസ്റ്റർമാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കത്ത് സ്കൂൾ അസംബ്ലിയിൽ വായിക്കുകയും വേണം. രക്ഷകർത്താക്കളുമായി സംവദിച്ച് ജനാധിപത്യം ശക്തിപ്പെടുത്താനുള്ള ജനകീയ പദ്ധതി ഇന്ത്യയിൽത്തന്നെ ആദ്യമാണ്.

സെക്ഷൻ ഓഫീസർ